5109

നം.വൈ(1)/273488/2021/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 06.09.2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രധമാധ്യാപകർക്കും ( ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - YIP പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്

സൂചന: NO. 206/2021/K-Disc

*****

കേരള ഡവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്) സംഘടിപ്പിക്കുന്ന യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാ (YIP) മിന്റെ 2020-2024 ഘട്ടത്തിന്റെ ഇൻസ്റ്റിറ്റ്യൂഷണൽ രജിസ്ട്രേഷൻ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളും YIP യിൽ രജിസ്റ്റർ ചെയ്യുകയും വിദ്യാർത്ഥികളെ ആശയങ്ങൾ സമർപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. YIP യെ സംബന്ധിച്ച കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കെ-ഡിസ്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് സെപ്തംബർ 8 മുതൽ 16 വരെ സംഘടിപ്പിക്കുന്ന റോഡ്ഷോയിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളും YIP യുടെ വിജയത്തിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

എം.കെ.ഷൈൻമോൻ
പെൻ : 425084
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
( അക്കാദമിക്)

<u>യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്</u>

സ്കൂൾ തലത്തിൽ ഉള്ള 13 വയസിനും 17 വയസിനും മധ്യേ പ്രായമുള്ള പുത്തൻ ആശയങ്ങൾ ഉള്ള വിദ്യാർത്ഥികൾക്ക് അവരുടെ നൂതന ആശയങ്ങൾ പങ്കു വയ്ക്കാനും അവ പ്രാവർത്തികമാക്കുവാനും പ്രോത്സാഹനം നൽകുന്ന പദ്ധതി ആണ് YIP. മൂന്ന് വർഷം നീണ്ടു നിൽക്കുന്ന ഒരു പദ്ധതിയാണിത്. ഈ കാലയളവിൽ തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ട മെന്ററിംഗ്, സാമ്പത്തിക സാങ്കേതിക സഹായങ്ങൾ തുടങ്ങിയവ വിവിധ ഘട്ടങ്ങളിൽ ലഭിക്കും. രണ്ടു മുതൽ അഞ്ചു വരെയുള്ള ടീമുകളായി ആണ് കുട്ടികൾ ഈ പ്രോഗ്രാമിലേക്ക് രജിസ്റ്റർ ചെയ്യേണ്ടത്.

യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം 2021-2024 ഘട്ടത്തിന്റെ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷന്റെ ഉദ്ഘാടനം 2021 ആഗസ്റ്റ് 18-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി നിർവ്വഹിച്ചു. ജില്ലാതല മൂല്യനിർണ്ണയത്തിൽ വിജയിക്കുന്ന ടീമുകൾക്ക് **25000** രൂപയും സംസ്ഥാനതല മൂല്യ നിർണ്ണയത്തിൽ വിജയിക്കുന്ന ടീമുകൾക്ക് **50000** രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിൽ 30000 സംഘങ്ങളെയാണ് രജിസ്റ്റർ ചെയ്യിക്കുന്നത്. കൂടാതെ സംസ്ഥാന തലത്തിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്കു അവരുടെ ആശയങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിനു മൂന്ന് വർഷം ആവശ്യമായ മെന്ററിംഗ്, സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതാണ്. ഇതിനു പുറമേ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യിക്കുന്ന സ്ഥാപനങ്ങൾക്ക് ആകർഷകമായ സമ്മാനങ്ങളും നൽകുന്നതാണ്.

യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാമിൽ കുട്ടികൾക്ക് രജിസ്റ്റർ ചെയ്യണമെങ്കിൽ അവർ പഠിക്കുന്ന സ്ഥാപനങ്ങളും ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. **www.yip.kerala.gov.in** എന്ന വെബ്സൈറ്റിൽ ആണ് സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടത്. രജിസ്റ്റർ ചെയ്യുന്നതിന് സഹായകരമായ ഒരു യൂസർ ഗൈഡ് ഇതിനോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

[illegible]

ഉത്തരവ് നമ്പർ ഡി/5149/21 തീയതി 2.09.21

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അറിവിലേക്കും
തുടർ നടപടികൾക്കുമായി അയക്കുന്നു.

ജില്ലാവിദ്യാഭ്യാസഓഫീസർ